# ലൈംഗികാവകാശ പ്രഖ്യാപനം

**മനുഷ്യർക്ക് നേടാവുന്ന ഏറ്റവും ഉയർന്ന ലൈംഗിക ആരോഗ്യം കൈവരിക്കുന്നതിന് ലൈംഗിക അവകാശങ്ങൾ അത്യന്താപേക്ഷിതമാണെന്നു തിരിച്ചറിഞ്ഞുകൊണ്ട്, ലോക ലൈംഗികാരോഗ്യ സംഘടന (World Association for Sexual Health):**

അന്താരാഷ്ട്ര, പ്രാദേശിക മനുഷ്യാവകാശ രേഖകൾ, ദേശീയ ഭരണഘടനകളും നിയമങ്ങളും, മനുഷ്യാവകാശ മാനദണ്ഡങ്ങളും തത്വങ്ങളും എന്നിവയിൽ ഇതിനകം അംഗീകരിക്കപ്പെട്ടിട്ടുള്ള സാർവത്രിക മനുഷ്യാവകാശങ്ങളിലും, മനുഷ്യ ലൈംഗികതയും ലൈംഗികാരോഗ്യവുമായി ബന്ധപ്പെട്ട ശാസ്ത്രീയ അറിവിലും അധിഷ്ഠിതമാണ് ലൈംഗിക അവകാശങ്ങൾ എന്ന് **പ്രസ്താവിക്കുന്നു.**

ലൈംഗികത ജീവിതത്തിലുടനീളം മനുഷ്യാവസ്ഥയുടെ ഒരു കേന്ദ്ര ഭാഗമാണെന്നും ലൈംഗികത ലിംഗ സ്വത്വങ്ങളും പദവികളും, ലൈംഗിക ആഭിമുഖ്യം, രതി, ആനന്ദം, അടുപ്പം, പ്രത്യുൽപ്പാദനം എന്നിവയൊക്കെ ഉൾക്കൊള്ളുന്നുവെന്നും **ഊന്നിപ്പറയുന്നു.** ചിന്തകൾ, ഭാവനകൾ, ആഗ്രഹങ്ങൾ, വിശ്വാസങ്ങൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ, പെരുമാറ്റങ്ങൾ, സമ്പ്രദായങ്ങൾ, റോളുകൾ, ബന്ധങ്ങൾ എന്നിവയിലൂടെ ലൈംഗികത അനുഭവവേദ്യമാവുകയും പ്രകടമാവുകയും ചെയ്യുന്നു. ലൈംഗികതയിൽ ഈ മാനങ്ങളെല്ലാം ഉൾപ്പെടാമെങ്കിലും, അവയെല്ലാം നാം എല്ലായ്പ്പോഴും അനുഭവിക്കുകയോ പ്രകടിപ്പിക്കുകയോ ചെയ്യുന്നില്ല. ജീവശാസ്ത്രപരവും മനഃശാസ്ത്രപരവും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവും നിയമപരവും ചരിത്രപരവും മതപരവും ആത്മീയവുമായ ഘടകങ്ങളുടെ ഇടപെടൽ ലൈംഗികതയെ സ്വാധീനിക്കുന്നു.

ലൈംഗികത സന്തോഷത്തിന്റെയും ക്ഷേമത്തിന്റെയും ഉറവിടമാണെന്നും മൊത്തത്തിലുള്ള സന്തുഷ്ടിക്കും സംതൃപ്തിക്കും കാരണമാകുന്നുവെന്നും **തിരിച്ചറിയുന്നു.**

ലൈംഗികതയുമായി ബന്ധപ്പെട്ട ശാരീരികവും വൈകാരികവും മാനസികവും സാമൂഹികവുമായ ക്ഷേമത്തിന്റെ അവസ്ഥയാണ് ലൈംഗിക ആരോഗ്യം എന്ന് **ഊന്നിപ്പറയുന്നു;** ലൈംഗിക ആരോഗ്യം ഏതെങ്കിലും രോഗത്തിന്റെയോ അപര്യാപ്തതയുടെയോ ബലഹീനതയുടെയോ അഭാവം മാത്രമല്ല. ലൈംഗികതയോടും ലൈംഗിക ബന്ധങ്ങളോടും ക്രിയാത്മകവും മാന്യവുമായ സമീപനം ലൈംഗിക ആരോഗ്യത്തിന് ആവശ്യമാണ്. ഒപ്പം ബലപ്രയോഗം, വിവേചനം, അക്രമം എന്നിവയില്ലാത്ത ആനന്ദകരവും സുരക്ഷിതവുമായ ലൈംഗിക അനുഭവങ്ങൾക്കുള്ള സാഹചര്യവും ആവശ്യമാണ്.

ലൈംഗികതയെക്കുറിച്ച് വിശാലമായ ഒരു ധാരണയില്ലാതെ ലൈംഗിക ആരോഗ്യത്തെ നിർവചിക്കാനോ മനസ്സിലാക്കാനോ പ്രാവർത്തികമാക്കാനോ കഴിയില്ലെന്ന് **ഊന്നിപ്പറയുന്നു.**

ലൈംഗികാരോഗ്യം നേടുന്നതിനും നിലനിർത്തുന്നതിനും, എല്ലാ വ്യക്തികളുടെയും ലൈംഗിക അവകാശങ്ങൾ മാനിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും നിറവേറ്റപ്പെടുകയും വേണമെന്ന് **ഊന്നിപ്പറയുന്നു.**

എല്ലാ മനുഷ്യരുടെയും ജന്മാവകാശമായ സ്വാതന്ത്ര്യം, അന്തസ്സ്, സമത്വം എന്നിവയെ അടിസ്ഥാനമാക്കിയുള്ളവയാണ് ലൈംഗിക അവകാശങ്ങൾ എന്നും, അവ ഹാനിയിൽ നിന്നുള്ള സംരക്ഷണത്തിനുള്ള പ്രതിബദ്ധത കൂടി ഉൾക്കൊള്ളുന്നുവെന്നും **തിരിച്ചറിയുന്നു.**

സമത്വവും വിവേചനരാഹിത്യവും എല്ലാ മനുഷ്യാവകാശങ്ങളുടെയും സംരക്ഷണത്തിനും പ്രോത്സാഹനത്തിനും അടിസ്ഥാനമാണെന്നും വംശം, വർഗ്ഗം, നിറം, ലിംഗഭേദം, ഭാഷ, മതം/ജാതി, രാഷ്ട്രീയമോ അല്ലാത്തതോ ആയ അഭിപ്രായം, ദേശീയത അല്ലെങ്കിൽ സാമൂഹിക പശ്ചാത്തലം, സ്വത്ത്, ജനനം അല്ലെങ്കിൽ അല്ലെങ്കിൽ വൈകല്യം ഉൾപ്പെടെയുള്ള മറ്റ് അവസ്ഥകൾ, പ്രായം, ദേശീയത, വൈവാഹികവും കുടുംബപരവുമായ അവസ്ഥ, ലൈംഗിക ആഭിമുഖ്യവും ലിംഗസ്വത്വവും, ആരോഗ്യസ്ഥിതി, താമസസ്ഥലം, സാമ്പത്തികവും സാമൂഹികവുമായ സാഹചര്യം എന്നിവയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും വേർതിരിവ്,

ഒഴിവാക്കൽ അല്ലെങ്കിൽ നിയന്ത്രണം എന്നിവ ഇല്ലെന്ന് ഉറപ്പ് വരുത്തുന്നതും ഇവയിൽ ഉൾപ്പെടുന്നു എന്നും **പ്രസ്താവിക്കുന്നു.**

വ്യക്തികളുടെ ലൈംഗിക ആഭിമുഖ്യങ്ങൾ, ലിംഗസ്വത്വങ്ങൾ, ലിംഗപരമായ ആവിഷ്കാരങ്ങൾ, ശാരീരിക വൈവിധ്യങ്ങൾ എന്നിവയ്ക്ക് മനുഷ്യാവകാശ സംരക്ഷണം ആവശ്യമാണെന്ന് **തിരിച്ചറിയുന്നു.**

എല്ലാത്തരം അക്രമങ്ങളും ഉപദ്രവങ്ങളും വിവേചനങ്ങളും മാറ്റിനിർത്തലും അപകീർത്തിപ്പെടുത്തലും മനുഷ്യാവകാശ ലംഘനങ്ങളാണെന്നും അവ വ്യക്തികളുടെയും കുടുംബങ്ങളുടെയും സമൂഹങ്ങളുടെയും ക്ഷേമത്തെ ബാധിക്കുമെന്നും **തിരിച്ചറിയുന്നു.**

മനുഷ്യാവകാശങ്ങളെ ബഹുമാനിക്കാനും സംരക്ഷിക്കാനും നിറവേറ്റാനുമുള്ള ബാധ്യത ലൈംഗിക അവകാശങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കും കൂടി ബാധകമാണെന്ന് **ഉറപ്പിക്കുന്നു.**

മറ്റുള്ളവരുടെ അവകാശങ്ങളെ മാനിച്ചുകൊണ്ട് സ്വന്തം ലൈംഗികത പ്രകടിപ്പിക്കുന്നതിനും ലൈംഗികാവശ്യങ്ങൾ നിറവേറ്റുന്നതിനും ലൈംഗികാരോഗ്യം ആസ്വദിക്കുന്നതിനുമുള്ള എല്ലാ ആളുകളുടെയും അവകാശങ്ങളുടെ സംരക്ഷണം ലൈംഗികാവകാശങ്ങളിൽ ഉൾപ്പെടുന്നുവെന്ന് **ഉറപ്പിക്കുന്നു.**

**ലൈംഗികാവകാശങ്ങൾ ലൈംഗികതയുമായി ബന്ധപ്പെട്ട മനുഷ്യാവകാശങ്ങളാണ്:**

**1. തുല്യതയ്ക്കും വിവേചനമില്ലായ്മയ്ക്കുമുള്ള അവകാശം**

വംശം, വർഗ്ഗം, നിറം, ലിംഗം, ഭാഷ, മതം/ജാതി, രാഷ്ട്രീയമോ അല്ലാത്തതോ ആയ അഭിപ്രായം, ദേശീയത അല്ലെങ്കിൽ സാമൂഹിക പശ്ചാത്തലം, താമസസ്ഥലം, സ്വത്ത്, ജനന സ്ഥലം, ഭിന്നശേഷി, പ്രായം, വൈവാഹികവും കുടുംബപരവുമായ അവസ്ഥ, ലൈംഗികാഭിമുഖ്യം, ലിംഗസ്വത്വവും ആവിഷ്കാരവും, ആരോഗ്യ നില, സാമ്പത്തികവും സാമൂഹികവുമായ സാഹചര്യം എന്നിങ്ങനെ ഏതെങ്കിലും തരത്തിലുള്ള വ്യത്യാസമില്ലാതെ ഈ പ്രഖ്യാപനത്തിൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാ ലൈംഗികാവകാശങ്ങളും ആസ്വദിക്കാൻ എല്ലാവർക്കും അർഹതയുണ്ട്.

**2. ജീവിക്കാനുള്ള അവകാശം, സ്വാതന്ത്ര്യം, വ്യക്തിസുരക്ഷ**

ലൈംഗിക ആഭിമുഖ്യം, പരസ്പര സമ്മതത്തോടെയുള്ള ലൈംഗിക പെരുമാറ്റവും രീതികളും, ലിംഗസ്വത്വവും ആവിഷ്കാരവും, ലൈംഗികവും പ്രത്യുൽപാദനപരവുമായ ആരോഗ്യവുമായി ബന്ധപ്പെട്ട സേവനങ്ങൾ സ്വീകരിക്കുകയോ നൽകുകയോ ചെയ്യുക തുടങ്ങി ലൈംഗികതയുമായി ബന്ധപ്പെട്ട ഏതെങ്കിലും കാരണത്താൽ അകാരണമായി ഭീഷണിയിലാവാനോ പരിമിതപ്പെടാനോ കവർന്നെടുക്കാനോ പാടില്ലാത്ത വിധം ജീവൻ, സ്വാതന്ത്ര്യം, സുരക്ഷ എന്നിവയ്ക്കുള്ള അവകാശം എല്ലാവർക്കുമുണ്ട്.

**3. സ്വയംനിർണ്ണയത്തിനും ശാരീരികാധികാരത്തിനുമുള്ള അവകാശം**

ഓരോരുത്തർക്കും അവരവരുടെ ലൈംഗികതയുമായും ശരീരവുമായും ബന്ധപ്പെട്ട കാര്യങ്ങളിൽ സ്വയംനിർണ്ണയത്തിനും സ്വതന്ത്രമായി തീരുമാനമെടുക്കാനും അവകാശമുണ്ട്. ഇതിൽ മറ്റുള്ളവരുടെ അവകാശങ്ങളെ മാനിച്ചുകൊണ്ട് ലൈംഗിക പെരുമാറ്റങ്ങൾ, ഇഷ്ടങ്ങൾ, പങ്കാളികൾ, ബന്ധങ്ങൾ എന്നിവ തിരഞ്ഞെടുക്കുന്നത് ഉൾപ്പെടുന്നു. സ്വതന്ത്രമായ, അറിവോടെയുള്ള തീരുമാനങ്ങൾ എടുക്കുന്നതിന് ലൈംഗികതയുമായി ബന്ധപ്പെട്ട പരിശോധനകൾ, ഇടപെടലുകൾ, ചികിത്സകൾ, ശസ്ത്രക്രിയകൾ, അല്ലെങ്കിൽ ഗവേഷണം ഇവയ്ക്കൊക്കെ മുമ്പ് സ്വതന്ത്രവും അറിവോടെയുള്ളതുമായ സമ്മതം ആവശ്യമാണ്.

**4. പീഡനത്തിൽ നിന്നും ക്രൂരവും മനുഷ്യത്വരഹിതവും അപമാനകരവുമായ പെരുമാറ്റങ്ങളിലും ശിക്ഷയിലും നിന്നും മുക്തരായിരിക്കാനുള്ള അവകാശം**

ലൈംഗികതയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പീഡനത്തിനോ ക്രൂരവും മനുഷ്യത്വരഹിതവും അപമാനകരവുമായ പെരുമാറ്റത്തിനോ ശിക്ഷയ്ക്കോ ആരും ഇരയാവാൻ പാടില്ല. ഇതിൽ ദോഷകരമായ പരമ്പരാഗത ആചാരങ്ങൾ, നിർബന്ധിത വന്ധ്യംകരണം, നിർബന്ധിത ഗർഭനിരോധനം അല്ലെങ്കിൽ ഗർഭച്ഛിദ്രം എന്നിവയും ഒരാളുടെ ലൈംഗികത, ലിംഗഭേദം, ലൈംഗികാഭിമുഖ്യം, ലിംഗസ്വത്വവും ആവിഷ്കാരവും, ശാരീരിക വൈവിധ്യം തുടങ്ങിയവ കാരണമുള്ള ക്രൂരവും മനുഷ്യത്വരഹിതവും അപമാനകരവുമായ പെരുമാറ്റങ്ങളും ശിക്ഷകളും ഉൾപ്പെടും.

**5. എല്ലാത്തരം അക്രമങ്ങളിൽ നിന്നും ബലപ്രയോഗങ്ങളിൽ നിന്നും മുക്തരായിരിക്കാനുള്ള അവകാശം**

ലൈംഗികതയുമായി ബന്ധപ്പെട്ട അക്രമങ്ങളിൽ നിന്നും ബലപ്രയോഗങ്ങളിൽ നിന്നും എല്ലാവരും മുക്തരായിരിക്കണം. ഇതിൽ ബലാത്സംഗം, ലൈംഗിക ചൂഷണം, ലൈംഗിക പീഡനം, ഭീഷണിപ്പെടുത്തൽ, ലൈംഗിക അടിമത്തം, ലൈംഗിക ചൂഷണത്തിനായുള്ള മനുഷ്യക്കടത്ത്, കന്യകാത്വ പരിശോധന, യഥാർത്ഥമോ പ്രതീതമോ ആയ ലൈംഗിക ശീലങ്ങൾ, ലൈംഗികാഭിമുഖ്യം, ലിംഗസ്വത്വവും ആവിഷ്കാരവും, ശാരീരിക വൈവിധ്യം എന്നിവ മൂലമുള്ള അക്രമങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുന്നു.

**6. സ്വകാര്യതയ്ക്കുള്ള അവകാശം**

ലൈംഗികത, ലൈംഗിക ജീവിതം, സ്വന്തം ശരീരം, പരസ്പര സമ്മതത്തോടെയുള്ള ലൈംഗിക ബന്ധങ്ങൾ, ശീലങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് അനിയന്ത്രിതമായ ഇടപെടലുകളും കടന്നുകയറ്റവും ഇല്ലാത്ത സ്വകാര്യതയ്ക്കുള്ള അവകാശം എല്ലാവർക്കുമുണ്ട്. ലൈംഗികതയുമായി ബന്ധപ്പെട്ട തന്റെ വ്യക്തിഗത വിവരങ്ങൾ മറ്റുള്ളവരോട് വെളിപ്പെടുത്തുന്നത് നിയന്ത്രിക്കാനുള്ള അവകാശവും ഇതിൽ ഉൾപ്പെടുന്നു.

**7. ആനന്ദകരവും തൃപ്തികരവും സുരക്ഷിതവുമായ ലൈംഗികാനുഭവങ്ങളുടെ സാധ്യതയോടെ ലൈംഗിക ആരോഗ്യം ഉൾപ്പെടെയുള്ള ഏറ്റവും ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യത്തിനുള്ള അവകാശം**

ആനന്ദകരവും തൃപ്തികരവും സുരക്ഷിതവുമായ ലൈംഗികാനുഭവങ്ങളുടെ സാധ്യത ഉൾപ്പെടെ, ലൈംഗികതയുമായി ബന്ധപ്പെട്ട് ഏറ്റവും ഉയർന്ന ആരോഗ്യവും ക്ഷേമവും നേടാൻ എല്ലാവർക്കും അവകാശമുണ്ട്. ഇതിന് ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങളുടെ ലഭ്യതയും പ്രാപ്യതയും സ്വീകാര്യതയും, ലൈംഗികാരോഗ്യം ഉൾപ്പെടെയുള്ള ആരോഗ്യത്തെ സ്വാധീനിക്കുകയും നിർണ്ണയിക്കുകയും ചെയ്യുന്ന ഘടകങ്ങളിലേക്കുള്ള പ്രാപ്യതയും ആവശ്യമാണ്.

**8. ശാസ്ത്രീയ പുരോഗതിയുടെയും അതിന്റെ പ്രയോഗത്തിന്റെയും പ്രയോജനങ്ങൾ ആസ്വദിക്കാനുള്ള അവകാശം**

ലൈംഗികത, ലൈംഗികാരോഗ്യം എന്നിവയുമായി ബന്ധപ്പെട്ട ശാസ്ത്രീയ പുരോഗതിയുടെയും അതിന്റെ പ്രയോഗങ്ങളുടെയും പ്രയോജനങ്ങൾ ആസ്വദിക്കാൻ എല്ലാവർക്കും അവകാശമുണ്ട്.

**9. വിവരാവകാശം**

വൈവിധ്യമാർന്ന സ്രോതസ്സുകളിലൂടെ ലൈംഗീകത, ലൈംഗികാരോഗ്യം, ലൈംഗികാവകാശങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ശാസ്ത്രീയമായി കൃത്യവും മനസ്സിലാക്കാവുന്നതുമായ വിവരങ്ങൾ കിട്ടാൻ എല്ലാവർക്കും അവകാശമുണ്ട്. അത്തരം വിവരങ്ങൾ ഏകപക്ഷീയമായി സെൻസർ ചെയ്യാനോ തടഞ്ഞുവെയ്ക്കാനോ മനഃപൂർവ്വം തെറ്റായി അവതരിപ്പിക്കാനോ പാടുള്ളതല്ല.

**10. വിദ്യാഭ്യാസത്തിനുള്ള അവകാശവും സമഗ്ര ലൈംഗികതാ വിദ്യാഭ്യാസത്തിനുള്ള അവകാശവും**

വിദ്യാഭ്യാസത്തിനും സമഗ്ര ലൈംഗികതാ വിദ്യാഭ്യാസത്തിനും എല്ലാവർക്കും അവകാശമുണ്ട്. സമഗ്ര ലൈംഗികതാ വിദ്യാഭ്യാസം പ്രായത്തിനിണങ്ങിയതും ശാസ്ത്രീയമായി കൃത്യതയുള്ളതും സാംസ്കാരികമായി ചേർച്ചയുള്ളതും മനുഷ്യാവകാശങ്ങൾ, ലിംഗസമത്വം, ലൈംഗികതയോടും ആനന്ദത്തോടുമുള്ള ക്രിയാത്മക സമീപനം എന്നിവയിൽ അധിഷ്ഠിതവുമായിരിക്കണം.

**11. സമത്വത്തിന്റെയും പൂർണ്ണവും സ്വതന്ത്രവുമായ സമ്മതത്തിന്റെയും അടിസ്ഥാനത്തിൽ വിവാഹവും മറ്റു സമാന ബന്ധങ്ങളും തുടങ്ങാനും രൂപപ്പെടുത്താനും അവസാനിപ്പിക്കാനും ഉള്ള അവകാശം**

വിവാഹം വേണോ വേണ്ടയോ എന്ന് തീരുമാനിക്കാനും പൂർണ്ണവും സ്വതന്ത്രവുമായ സമ്മതത്തോടെ വിവാഹം, പങ്കാളിത്തം അല്ലെങ്കിൽ മറ്റ് സമാന ബന്ധങ്ങൾ എന്നിവയിൽ സ്വതന്ത്രമായി പ്രവേശിക്കാനും എല്ലാവർക്കും അവകാശമുണ്ട്. വിവാഹം, പങ്കാളിത്തം, മറ്റ് സമാന ബന്ധങ്ങൾ എന്നിവയിൽ ഏർപ്പെടുമ്പോഴും, ബന്ധം നിലനിൽക്കുമ്പോഴും പിരിയുമ്പോഴും ഒരു തരത്തിലുള്ള വിവേചനവും ഒഴിവാക്കലും ഇല്ലാതെ തുല്യ അവകാശങ്ങൾക്ക് എല്ലാ വ്യക്തികൾക്കും അർഹതയുണ്ട്. അത്തരം ബന്ധങ്ങളുടെ രൂപം എന്തുതന്നെ ആയാലും സാമൂഹിക ക്ഷേമത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും ഉള്ള തുല്യമായ അവകാശങ്ങൾ ഈ അവകാശത്തിൽ ഉൾപ്പെടുന്നു.

**12. കുട്ടികൾ വേണോ വേണ്ടയോ എന്നതും, കുട്ടികളുടെ എണ്ണവും അവർ തമ്മിലുള്ള പ്രായ വ്യത്യാസവും തീരുമാനിക്കാനും അതിനുവേണ്ട വിവരങ്ങളും മാർഗങ്ങളും കിട്ടാനുമുള്ള അവകാശം**

കുട്ടികൾ വേണോ വേണ്ടയോ എന്നതും കുട്ടികളുടെ എണ്ണവും അവർ തമ്മിലുള്ള പ്രായ വ്യത്യാസവും തീരുമാനിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ഈ അവകാശം വിനിയോഗിക്കുന്നതിന് ലൈംഗിക, പ്രത്യുൽപ്പാദന ആരോഗ്യ സേവനങ്ങളുമായി ബന്ധപ്പെട്ട ഗർഭധാരണം, ഗർഭനിരോധനം, പ്രത്യുൽപ്പാദനം, ഗർഭധാരണം അവസാനിപ്പിക്കൽ, ദത്തെടുക്കൽ തുടങ്ങി ആരോഗ്യത്തെയും ക്ഷേമത്തെയും സ്വാധീനിക്കുകയും നിർണ്ണയിക്കുകയും ചെയ്യുന്ന എല്ലാ ഘടകങ്ങളിലേക്കും പ്രാപ്യത ആവശ്യമാണ്.

**13. ചിന്ത, അഭിപ്രായം, ആവിഷ്കാരം എന്നിവയ്ക്കുള്ള സ്വാതന്ത്ര്യത്തിനുള്ള അവകാശം**

ലൈംഗികതയുമായി ബന്ധപ്പെട്ട ചിന്താസ്വാതന്ത്ര്യം, അഭിപ്രായ സ്വാതന്ത്ര്യം, ആവിഷ്കാര സ്വാതന്ത്ര്യം എന്നിവയ്ക്കുള്ള അവകാശം എല്ലാവർക്കുമുണ്ട്, ഒപ്പം മറ്റുള്ളവരുടെ അവകാശങ്ങളെ മാനിച്ചുകൊണ്ട് ബാഹ്യരൂപം, ആശയവിനിമയം, പെരുമാറ്റം എന്നിവയിലൂടെയൊക്കെ സ്വന്തം ലൈംഗികത പ്രകടിപ്പിക്കാനുള്ള അവകാശവും എല്ലാവർക്കുമുണ്ട്.

**14. സംഘടിക്കാനും സമാധാനപരമായി ഒത്തുചേരാനുമുള്ള അവകാശം**

ലൈംഗികത, ലൈംഗികാരോഗ്യം, ലൈംഗികാവകാശങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് സമാധാനപരമായി സംഘടിക്കാനും സഹകരിക്കാനും ഒത്തുചേരാനും പ്രകടനങ്ങൾ നടത്താനും വാദിക്കാനും എല്ലാവർക്കും അവകാശമുണ്ട്.

**15. പൊതുജീവിതത്തിലും രാഷ്ട്രീയ ജീവിതത്തിലും പങ്കെടുക്കാനുള്ള അവകാശം**

പ്രാദേശികവും ദേശീയവും അന്തർദ്ദേശീയവുമായ തലങ്ങളിൽ മനുഷ്യജീവിതത്തിന്റെ പൊതു, സാമ്പത്തിക, സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, മേഖലകളിലും മറ്റെല്ലാത്തിലും സജീവവും സ്വതന്ത്രവും അർത്ഥവത്തായതുമായ പങ്കാളിത്തവും സംഭാവനയും സാധ്യമാകുന്ന ഒരു അന്തരീക്ഷത്തിന് എല്ലാവർക്കും അർഹതയുണ്ട്. പ്രത്യേകിച്ചും, ലൈംഗികതയും ലൈംഗികാരോഗ്യവും ഉൾപ്പെടെ തങ്ങളുടെ ക്ഷേമത്തെ നിർണ്ണയിക്കുന്ന നയങ്ങൾ വികസിപ്പിക്കുകയും നടപ്പാക്കുകയും ചെയ്യുന്ന പ്രക്രിയയിൽ പങ്കെടുക്കാൻ എല്ലാവർക്കും അർഹതയുണ്ട്.

**16. നീതി, പ്രതിവിധികൾ, പരിഹാരങ്ങൾ എന്നിവയ്ക്കുള്ള അവകാശം**

തങ്ങളുടെ ലൈംഗികാവകാശങ്ങളുടെ ലംഘനങ്ങൾക്ക് നീതി, പ്രതിവിധികൾ, പരിഹാരങ്ങൾ എന്നിവ ലഭിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ഇതിന് ഫലപ്രദവും പര്യാപ്തവും പ്രാപ്യവും ഉചിതവുമായ വിദ്യാഭ്യാസ, നിയമനിർമ്മാണ, ജുഡീഷ്യൽ, നടപടികളും മറ്റ് മാർഗ്ഗങ്ങളും ആവശ്യമാണ്. പരിഹാരമാർഗ്ഗങ്ങളിൽ പുനഃസ്ഥാപനം, നഷ്ടപരിഹാരം, പുനരധിവാസം, സംതൃപ്തി, അവകാശലംഘനങ്ങൾ ആവർത്തിക്കില്ലെന്നുള്ള ഉറപ്പ് എന്നിവ ഉൾപ്പെടുന്നു.

**

മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് : Dr. Chinchu C.
വിവർത്തനം പരിശോധിച്ചത് : Nithin Lalachan
Association for Social Change, Evolution, and Transformation (ASCENT) പ്രതിനിധികൾ.

ലൈംഗികാവകാശ പ്രഖ്യാപനത്തിന്റെ ഔദ്യോഗിക മലയാള പരിഭാഷയാണിത്. നിയമപരവും

സാങ്കേതികവുമായ ആവശ്യങ്ങൾക്ക്, ആധികാരിക ഇംഗ്ലീഷ് പതിപ്പ് കാണുക : https://worldsexualhealth.net/wp-content/uploads/2021/09/declaration_of_sexual_rights_sep03_2014_b.pdf

ലോക ലൈംഗികാരോഗ്യ സംഘടന അഥവാ World Association for Sexual Health (WAS) ലോകമെമ്പാടുമുള്ള ശാസ്ത്ര സംഘടനകൾ, സന്നദ്ധ സംഘടനകൾ, മനുഷ്യ ലൈംഗികതയുടെ മേഖലയിലെ പ്രൊഫഷണലുകൾ എന്നിവരുടെ ഒരു മൾട്ടി ഡിസിപ്ലിനറി സംഘമാണ്. ഈ സംഘടന എല്ലാവരുടെയും ലൈംഗികാവകാശങ്ങളും ലൈംഗികശാസ്ത്രവും വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്തുകൊണ്ട് ജീവിതത്തിലുടനീളവും ലോകമെമ്പാടും ലൈംഗികാരോഗ്യത്തെ പ്രോത്സാഹിപ്പിക്കുന്നു. ലോകമെമ്പാടും അഭിഭാഷക പ്രവർത്തനങ്ങൾ, നെറ്റ്‌വർക്കിംഗ്, വിവരങ്ങളുടെയും ആശയങ്ങളുടെയും അനുഭവങ്ങളുടെയും കൈമാറ്റം സുഗമമാക്കൽ, ശാസ്ത്രീയമായ ലൈംഗികതാ ഗവേഷണം, സമഗ്ര ലൈംഗികതാ വിദ്യാഭ്യാസം, ലൈംഗികശാസ്ത്രം അഥവാ ക്ലിനിക്കൽ സെക്സോളജി എന്നിവയിലൂടെ ഒരു അന്തർവൈജ്ഞാനിക സമീപനം സ്വീകരിച്ച് WAS ഈ ലക്ഷ്യങ്ങൾ നിറവേറ്റുന്നു. 1997 ൽ സ്പെയിനിലെ വലൻസിയയിൽ നടന്ന പതിമൂന്നാമത് വേൾഡ് കോൺഗ്രസ് ഓഫ് സെക്സോളജിയിലാണ് WAS *ലൈംഗികാവകാശ പ്രഖ്യാപനം* ആദ്യം വിളംബരം ചെയ്തത്. തുടർന്ന് 1999 ൽ ഹോങ്കോങ്ങിൽ വെച്ച് ഒരു പുനരവലോകനം WAS ജനറൽ അസംബ്ലി അംഗീകരിക്കുകയും പിന്നീട് *WAS Declaration: Sexual Health for the Millenium* (2008) എന്ന പേരിൽ സ്ഥിരീകരിക്കുകയും ചെയ്തു. ഈ പുതുക്കിയ ലൈംഗികാവകാശ പ്രഖ്യാപനം 2014 മാർച്ചിൽ WAS ഉപദേശക സമിതി അംഗീകരിച്ചതാണ്.